**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3089**

**19.06.2018 - ൽ മറുപടിയ്ക്ക്**

## ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ പുരുഷ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം<br>**ശ്രീ.എം. വിൻസെന്റ്** | മറുപടി<br>**ശ്രീ.വി.എസ്.സുനിൽ കുമാർ**<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| **എ)** ഫാം ഉപദേശക സമിതിയുടെ, 28/4/2018 ന് കരമന ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ കൂടിയ യോഗത്തിന്റെ തീരുമാന പ്രകാരം അവിടെ പുരുഷ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ കാർഷിക സർവ്വകലാശാല എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | **എ)** 28/04/2018-ന് കരമന ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ കൂടിയ ഫാം ഉപദേശക സമിതിയുടെ യോഗത്തിന്റെ തീരുമാനപ്രകാരം പ്രസ്തുത സ്റ്റേഷനിൽ പുരുഷ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുള്ള നിർദ്ദേശം കാർഷിക സർവ്വകലാശാലയുടെ പരിഗണനയിലാണ്. |
| **ബി)** പ്രസ്തുത ഫാമിൽ കാഷ്വൽ തൊഴിലാളികളായി 2014 ൽ ജോലിയിൽ പ്രവേശിച്ച എത്ര പേർക്ക് സ്ഥിരനിയമനം നൽകുകയുണ്ടായി എന്നും ഇനി എത്ര പേർക്ക് സ്ഥിര നിയമനം നൽകാനുണ്ടെന്നും ബാക്കിയുള്ളവർക്ക് സ്ഥിര നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ; | **ബി)** 2014 കലണ്ടർ വർഷത്തിൽ കരമന, ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ കാഷ്വൽ തൊഴിലാളികളായി നിയമനം ലഭിച്ച 10 പുരുഷന്മാരിൽ 2 പേർക്കും, 6 സ്ത്രീകളിൽ 5 പേർക്കും സ്ഥിരം തൊഴിലാളികളായി നിയമനം നൽകിയിട്ടുണ്ട്. 2014-ൽ ജോലിയിൽ പ്രവേശിച്ച 8 പുരുഷ കാഷ്വൽ തൊഴിലാളികൾക്കും 1 സ്ത്രീ കാഷ്വൽ തൊഴിലാളിക്കും ഇനിയും സ്ഥിരം തൊഴിലാളികളായി നിയമനം നൽകേണ്ടതുണ്ട്. നിലവിൽ 1 സ്ത്രീ സ്ഥിരം തൊഴിലാളിയുടെ ഒഴിവിലേക്ക് അർഹതപ്പെട്ട 1 സ്ത്രീ കാഷ്വൽ തൊഴിലാളിയെ സ്ഥിരപ്പെടുത്തുന്നതിന വേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു. ഒഴിവുകൾ വരുന്ന മുറയ്ക്ക് കാഷ്വൽ തൊഴിലാളികളുടെ സീനിയോരിറ്റി പ്രകാരം അർഹതപ്പെട്ടവരെ സ്ഥിരം തൊഴിലാളി തസ്തികയിൽ സ്ഥിരപ്പെടുത്താൻ സർവ്വകലാശാലാ തലത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്. |
| **സി)** പ്രസ്തുത ഫാമിൽ പുരുഷ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | **സി)** പ്രസ്തുത വിഷയം കാർഷിക സർവ്വകലാശാലയുടെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**